ഉത്തരം

(എ) ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള കൊച്ചിയിലെ കുടിവെള്ള പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ആലുവ ഹെഡ്വർക്സിലെ സമ്പിന്റെയും പമ്പ്ഹൗസിന്റെയും പണി പൂർത്തിയായി. പെരുമാനൂരിലെ സമ്പിന്റെയും പമ്പ്ഹൗസിന്റെയും പണി പൂർത്തിയായിവരുന്നു. വെൺതുരുത്തിപാലത്തിന് മുകളിലൂടെ പൈപ്പ് ഇടുന്ന പണി പുരോഗമിച്ചുവരുന്നു. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ്സെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിന്റെ ട്രയൽറൺ നടത്തേണ്ടതുണ്ട്. ക്ലിയർവാട്ടർ പമ്പിംഗ് മെയിനിന്റെ പണിയുടെ ടെണ്ടറിംഗ് അംഗീകാരം നൽകിയിട്ടുണ്ട്. വിതരണശൃംഖലയുടെ പണി പുരോഗമിച്ചുവരുന്നു. മോഡിബാത്ത്റൂം ഗ്രൗണ്ടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ടാങ്കിന്റെ ടെണ്ടറും ആലുവയിലെ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണിക്ക് ടെൽക്ക് നൽകിയ ഓഹറും സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിശ്ചിത ദിവസത്തിനകം തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) ടെണ്ടർ അംഗീകരിച്ചാടുലൻ പണി ആരംഭിക്കുന്നതാണ്. ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്.

ഏലത്തൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടി

29 (3969) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ കപ്പാസിറ്റി എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ രണ്ട് പഞ്ചായത്തുകളിലും മുഴുവൻ ജനങ്ങളും കുടിവെള്ളം എത്തിക്കുവാൻ എത്രമാത്രം ജലം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ കൂടുതൽ പേർക്ക് ആവശ്യമായ ശുദ്ധജലം എത്തിക്കുന്നതിന് പുതിയ വിപുലീകരണ പദ്ധതിക്ക് രൂപം നൽകുമോ ?

ഉത്തരം

(എ) രണ്ട് ദശ ലക്ഷം ലിറ്റർ.

(ബി) ഈ രണ്ട് പഞ്ചായത്തുകളിലുമായി ഏകദേശം 60,000 ജനങ്ങൾക്ക് 70 എൽ. പി. സി. ഡി പ്രകാരം സുമാർ 5 ദശ ലക്ഷം ലിറ്റർ ജലത്തിന്റെ ആവശ്യകതയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിപുലീകരണ പദ്ധതിയെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. എന്നാൽ ചില നവീകരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

കൊയിലാണ്ടിയിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി

30 (3970) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി ഏത് വർഷത്തിലാണ് ആരംഭിച്ചത് ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി ഏത് വർഷം പൂർത്തീകരിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത് ;

(ഡി) ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതിയിൽ ഇതേവരെ വെള്ളം എത്തിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ ;

(ഇ) എത്രസംഖ്യ നാളിതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു ;

(എഫ്) ഈ പദ്ധതി ഏത് വർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1985-ലാണ് ആരംഭിച്ചത്.

(ബി) ഈ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് സംഖ്യ 520 ലക്ഷം രൂപയും പുതുക്കിയ എസ്റ്റിമേറ്റ് സംഖ്യ 906 ലക്ഷം രൂപയുമാണ്.

(സി) പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 1987 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) ഈ പദ്ധതിയിൽ ഇതേവരെ ചക്കിട്ടപ്പാറ, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) 10,00,17,392 രൂപ ചെലവായിട്ടുണ്ട്.

(എഫ്) 3/2004-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൂടൽക്കടവ് കുടിവെള്ള പദ്ധതി

31 (3971) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടൽക്കടവ് കുടിവെള്ള പദ്ധതിയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly